പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2801 09.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ ജൂനിയർ അസിസ്റ്റന്റ് / ക്ലർക്ക് നിയമനം

ചോദ്യം

ശ്രീ. കെ.എം. ഷാജി

ഉത്തരം

തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ജൂനിയർ അസിസ്റ്റന്റ് /ക്ലർക്ക് തസ്തികയിൽ 5-1-2016, 30-8-2016 തീയതികളിലായി പി.എസ്.സി. നൽകിയ അഡ്വൈസ് പ്രകാരം എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ ജൂനിയർ അസിസ്റ്റന്റ് / ക്ലർക്ക് തസ്തികയിൽ 05.01.2016-ൽ പി.എസ്.സി നൽകിയ അഡ്വൈസ് പ്രകാരം 669 പേർക്കും 30.08.2016-ലെ അഡ്വൈസ് പ്രകാരം 388 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമന ഉത്തരവുകളിൽ ജോലിയ്ക്ക് ഹാജരാകാതെ എത്ര എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടായെന്ന് വ്യക്തമാക്കുമോ; ഇതിൽ ഇനിയും എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത 669 പേരുടെ നിയമന ഉത്തരവിൽ 388 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>388 പേരുടെ നിയമന ഉത്തരവിൽ 209 പേരുടെ NJD ഒഴിവുകൾ പിഎസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത എത്ര പുതിയ ഒഴിവുകൾ 5-1-2016 മുതൽ 31-3-2017 വരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 05.01.2016 മുതൽ 31.01.2017 വരെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ.ടി.സിയിൽ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത പുതിയ ഒഴിവുകൾ ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | എൻ.ജെ.ഡി. ആയും പുതിയ ഒഴിവുകളായും നിലവിൽ എത്ര ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; ആയത് എന്നത്തേയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള രീതിയിൽ കണക്കാക്കുമ്പോൾ 209 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ട്. എന്നാൽ, പ്രൊഫ. സുശീൽ ഖന്നയുടെ കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**